## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1198 13.06.2013 ൽ മറുപടിക്ക്

### ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കരത്താഴത്ത് മാവേലി സ്റ്റോർ

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ്മന്ത്രി ) |
|---|---|
| (എ) ചാത്തന്നൂർ മണ്ഡലത്തിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ ചിറക്കരത്താഴത്ത് പുതുതായി മാവേലിസ്റ്റോർ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ; | (എ) അപേക്ഷ ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനം പ്രാവർത്തികമാക്കുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ; | (ബി) പുതിയ മാവേലി സ്റ്റോറിന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാമെന്നുള്ള ചിറക്കര ഗ്രാമപഞ്ചായത്തിൽ നിന്നുള്ള തീരുമാനം ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് സാധ്യത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ ലഭ്യത കൂടി കണക്കിലെടുത്ത് ചിറക്കര ഗ്രാമപഞ്ചായത്തിൽ ചിറക്കരത്താഴത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഈ സർക്കാർ അധികാരമേറ്റശേഷം കൊല്ലം ജില്ലയിൽ പുതുതായി എത്ര മാവേലി സ്റ്റോറുകൾ അനുവദിച്ചുവെന്നും ആയത് എവിടെയൊക്കെയാണെന്നും അറിയിക്കുമോ? | (സി) കൊല്ലം ജില്ലയിൽ പോരുവഴി, ഈസ്റ്റ് കല്ലട, വെട്ടിക്കവല എന്നീ പഞ്ചായത്തുകളിലായി 4 പുതിയ മാവേലി സ്റ്റോറുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. പോരുവഴി പഞ്ചായത്തിലെ ശാസ്താം നടയിലും ഈസ്റ്റ് കല്ലട പഞ്ചായത്തിലെ കൊടുവിളയിലും പുതിയ മാവേലി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. |

Beenan

സെക്ഷൻ ഓഫീസർ